(ബി) ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിക്കെതിരെ 812/15-ാം നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ നിയമനാംഗീകാരവും തസ്തികനിർണ്ണയ നടപടികളും തടസ്സപ്പെട്ട സാഹചര്യത്തിൽ, 2015-16-ലെ തസ്തിക നിർണ്ണയം നടത്തുവാൻ സഹായകമാകുമെന്നതിനാൽ നിയമ വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ ശേഷമാണ് ജി.ഒ.(പി)213/15/ പൊ.വി.വ. പ്രകാരം പുതിയ പാക്കേജ് ഉത്തരവ് പുറപ്പെടുവിച്ചത്.

(സി&ഡി) സർക്കാരിന്റെ പാക്കേജ് ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കെതിരെയും WA 812/15, WP(C)67/15, WP(C) 26111/15, WP(C) 23933/14 തുടങ്ങിയ നിരവധി കേസുകൾ കോടതിയുടെ പരിഗണനയിലാണ്. അവയിൽ വിധി പ്രഖ്യാപിച്ചിട്ടില്ല. പാക്കേജുമായി ബന്ധപ്പെട്ട ഉത്തരവുകളെല്ലാം ഹൈക്കോടതിയുടെ പരിഗണനയിലും സ്റ്റേയിലുമായതിനാലാണ് നിലവിൽ അവ നടപ്പാക്കുവാൻ കഴിയാത്തത്.

പാഠപുസ്തക അച്ചടിയിലെ ക്രമക്കേട്

74(2933) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അധ്യയന വർഷം വിദ്യാലയങ്ങളിലെ പാഠപുസ്തക അച്ചടിയും വിതരണവും നടത്തുവാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഈ അധ്യയനവർഷം എത്ര പുസ്തകങ്ങൾ നാളിതുവരെ അച്ചടിച്ചുവെന്നും ഇനി ഈ വർഷം എത്ര പുസ്തകങ്ങൾ കൂടി അച്ചടിക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) 2015-16 അധ്യയന വർഷം പ്രസ്തുത അച്ചടിക്കും വിതരണത്തിനുമായി എത്ര തുകയാണ് നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയതെന്നും ഓരോ സ്ഥാപനത്തിനും ഈയിനത്തിൽ എത്ര തുക നൽകാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാഠപുസ്തക അച്ചടിയിൽ വ്യാപകമായ ക്രമക്കേട് നടന്നതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2015-16 അധ്യയന വർഷം ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ചു നൽകുവാൻ സർക്കാരോ, സർക്കാർ നിശ്ചയിച്ച സ്ഥാപനമോ, സി-ആപ്റ്റ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പുസ്തകങ്ങൾ അച്ചടിക്കുവാനാണ് ഏൽപ്പിച്ചത്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാരോ സർക്കാർ നിയോഗിച്ച സ്ഥാപനങ്ങളോ അറിയാതെ, സി-ആപ്റ്റ് ആർക്കാണ് പ്രസ്തുത അച്ചടിക്ക് പുറം കരാർ നൽകിയത്; പ്രസ്തുത കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ ആസ്ഥാനം എവിടെയാണ്; ടെൻഡർ നടപടികളിൽ എന്തെല്ലാം ക്രമക്കേടുകളാണ് സി-ആപ്റ്റ് നടത്തിയത് എന്നാണ് ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തിയത്; വെളിപ്പെടുത്തുമോ;

(എഫ്) ഇത്തരത്തിൽ സി-ആപ്റ്റ് പുറം കരാർ നൽകിയതുവഴി എത്ര പുസ്തകങ്ങൾ ഈ അധ്യയന വർഷം അച്ചടിച്ചു നൽകി; ആയതിനു ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ ആരായിരുന്നു എന്നും ഇദ്ദേഹത്തിനെതിരെ എന്തെല്ലാം വകുപ്പ്തല നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ അധിക പുസ്തകം അച്ചടിച്ചത്, സിലബസ് മാറ്റം തുടങ്ങിയ കാരണങ്ങളാൽ എത്ര പുസ്തകങ്ങൾ നശിപ്പിച്ചു; ആയതുമായി ബന്ധപ്പെട്ട് സർക്കാർ ഖജനാവിന് എന്ത് തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 29-4-2015-ൽ ബഹു. വിദ്യാഭ്യാസ മന്ത്രി വിളിച്ചു ചേർത്ത പാഠപുസ്തക അവലോകന യോഗത്തിൽ 31-5-2015-നകം ഒന്നാംഘട്ട പാഠപുസ്തക അച്ചടി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്. അറിയിച്ചതിനെ തുടർന്ന് സ.ഉ.(കൈ)174/15/ഉ.വി.വ. തീയതി 15/5/2015 പ്രകാരം 60,38,000 പുസ്തകങ്ങൾ വാഴൂർ, മണ്ണന്തല, ഷൊർണ്ണൂർ എന്നീ ഗവ. പ്രസ്സുകൾ മുഖാന്തരം അച്ചടിക്കുന്നതിന് അനുമതി ഉത്തരവ് ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിൽനിന്നും പുറപ്പെടുവിച്ചു. എന്നാൽ ഉത്തരവായ പ്രകാരമുള്ള തീയതിയിൽ (1-6-2015) ഗവ. പ്രസ്സുകൾക്കും അച്ചടി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ കെ.ബി.പി.എസ്. സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ഗവ. പ്രസ്സിൽ അച്ചടിക്കാതെ ശേഷിച്ച 43 ലക്ഷം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 2015 ജൂലൈ 20-നകം അച്ചടി പൂർത്തീകരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സ.ഉ.(സാധാ)നമ്പർ 2507/15/പൊ.വി.വ. തീയതി 23-6-2015 പ്രകാരം കെ.ബി.പി.എസ്.-ന് അനുമതി ഉത്തരവ് നൽകിയിരുന്നു. അതുപ്രകാരം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 20-7-2015-നകം തന്നെ അച്ചടി പൂർത്തീകരിച്ചിട്ടുള്ളതും വിതരണം നടത്തിയിട്ടുള്ളതുമാണ്. രണ്ടാംഘട്ട പാഠ പുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ചിടത്തോളം സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡന്റ് 7-12-2015-നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി പാഠ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്.

(ബി) പാഠപുസ്തക അച്ചടിക്കായി 2015-16 അദ്ധ്യയന വർഷത്തിൽ 1,91,33,333 രൂപ അഡ്വാൻസായി ടെക്സ്റ്റ് ബുക്ക് ഓഫീസിൽനിന്നും, കെ.ബി.പി.എസ്-ന് നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ള തുക അച്ചടി സംബന്ധിച്ച് അനുബന്ധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് കെ.ബി.പി.എസ്-ന് നല്കേണ്ടതായിട്ടുണ്ട്. ഹയർസെക്കണ്ടറി പാഠപുസ്തക അച്ചടിക്കായി തുക അനുവദിച്ചിട്ടില്ല. പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നല്കികഴിഞ്ഞശേഷം ലഭ്യമാകുന്ന തുക അതാതു പ്രിൻസിപ്പാൾമാർ പ്രിന്ററെ ഏൽപ്പിക്കുകയാണ് ചെയ്യാറുള്ളത്.

(സി&ഡി) ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ 2015-16 അദ്ധ്യായന വർഷത്തെ പാഠപുസ്തക അച്ചടി സി-ആപ്റ്റ് പുറം കരാർ നൽകിയതിൽ വ്യാപക ക്രമക്കേട് നടന്നതായുള്ള ആരോപണങ്ങളിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പുറം കരാർ നൽകിയ ടെൻഡർ നടപടിക്രമങ്ങളിൽ സുതാര്യതയില്ലാത്തതിനാലും M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിനെ കൂടിയ രൂപയ്ക്ക് ടെണ്ടർ ഏൽപ്പിച്ച നടപടി സംശയമുളവാക്കുന്നതിനാലും മാനേജിംഗ് ഡയറക്ടർ എന്ന നിലയ്ക്ക് ശ്രീ. സജിത്ത് വിജയരാഘവൻ ആർജ്ജിച്ച സ്വത്തുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുവാനും റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നു. ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു. 1 മുതൽ 8 വരെ ക്ലാസ്സിലെ 4339700 പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സി-ആപ്റ്റിന് ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിന്റെ 10-6-2015-ലെ 15856/എച്ച്2/2015/ഉ.വി.വ. കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സി-ആപ്റ്റ് മുഖേന അച്ചടി നടക്കുകയുണ്ടായിട്ടില്ല.

(ഇ&എഫ്) കെ.ബി.പി.എസ്-നും സർക്കാർ പ്രസ്സുകൾക്കും സമയബന്ധിതമായി അച്ചടി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 3-6-2015-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 43 ലക്ഷത്തോളം പുസ്തകങ്ങൾ സി-ആപ്റ്റ് വഴി പുറം കരാർ നൽകി അച്ചടിക്കാൻ തീരുമാനമെടുത്തുവെങ്കിലും ടെൻഡർ നടപടികൾക്ക് കാലതാമസമെടുക്കുമെന്നതിനാലും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നത് കണക്കിലെടുത്തും ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിൽനിന്നും 10-6-2015-ൽ 15856/എച്ച്2/15/ഉ.വി.വ. നമ്പർ കത്ത് പ്രകാരം നൽകിയ നിർദ്ദേശം റദ്ദാക്കുകയുണ്ടായി. തുടർന്ന് കെ.ബി.പി.എസ്. അച്ചടി തുടരാൻ

LIBRARY ARCHIVES Kerala Legislative Assembly

സന്നദ്ധത അറിയിച്ചതനുസരിച്ച് സ.ഉ.(സാധാ) 2907/15/പൊ.വി.വ. തീയതി 23-6-2015 പ്രകാരം ഒന്നാംഘട്ട പാഠപുസ്തകങ്ങളിൽ ശേഷിച്ച അച്ചടി 2015 ജൂലൈ 20-നകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ കെ.ബി.പി.എസ്-നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. 6-6-2015-ന് തയ്യാറാക്കിയ ടെണ്ടർ നോട്ടീസ് 7-6-2015-ന് വൈകുന്നേരം 5.16-ന് ഇ-ടെണ്ടറായി അപ്‌ലോഡ് ചെയ്യുകയും ഹിന്ദു, മംഗളം ദിനപ്പത്രത്തിൽ മാത്രം 8-6-2015-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരളത്തിൽ പ്രചാരത്തിലുള്ള പ്രമുഖ ദിനപത്രങ്ങളെ ഒഴിവാക്കിയ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ നടപടി മനഃപൂർവ്വമായി കാണുന്നു. സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 സെക്ഷൻ 7.13 പ്രകാരം ടെണ്ടർ നോട്ടിഫിക്കേഷന് വ്യാപക പ്രചാരണം നൽകേണ്ടതാണ്. ടെണ്ടർ ഉറക്കുന്നതിനുള്ള സമയം, തീയതി, ജോലിയുടെ അടിയന്തര സ്വഭാവം, ടെണ്ടർ കാലയളവ് വെട്ടിച്ചുരുക്കൽ, നിരതദ്രവ്യം അടയ്ക്കുന്നതിനുള്ള കുറഞ്ഞ സമയം, എന്നിവ സംബന്ധിച്ച വിവരങ്ങൾ വിന്റോ പരസ്യത്തിൽ നൽകാതിരുന്ന മാനേജിംഗ് ഡയറക്ടറുടെ നടപടികൾ ഉരുതര വീഴ്ചയാണ്. ലേലം സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ച സി-ആപ്റ്റ് മാനേജരുടെ പ്രവർത്തി കുറ്റകരം തന്നെയാണ്. ഈ കാര്യങ്ങളാണ് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ശ്രീ. സജിത്ത് വിജയരാഘവൻ ആയിരുന്ന സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ. M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിന് കൂടിയതുപയ്ക്ക് ടെണ്ടർ ഏൽപ്പിച്ച നടപടി സംശയമുളവാക്കുന്നതിനാലും മാനേജിംഗ് ഡയറക്ടർ എന്ന നിലയ്ക്ക് ശ്രീ. സജിത്ത് വിജയരാഘവൻ ആർജ്ജിച്ച സ്വത്തുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുവാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നു. ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു. സി-ആപ്റ്റ് മുഖേന അച്ചടി നടക്കുകയുണ്ടായില്ല.

(ജി) ഈ സർക്കാരിന്റെ കാലത്ത് പാഠപുസ്തകങ്ങൾ നശിപ്പിച്ചതായി അറിവില്ല.

പാഠപുസ്തക അച്ചടിയിലെ ക്രമക്കേട്

75(2934) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുള്ളതായുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സി-ആപ്റ്റ് എം.ഡി.യെ പുറത്താക്കാൻ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly